DESPATCHED
29/01/2022

25/1/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
Email: sic.ker@nic.in

**ഹർജി നമ്പർ CP 662(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.13846/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജനുവരി 25

| | |
|---|---|
| അഡ്വക്കേറ്റ് ഷാജി കുമാർ എ.,<br>ചന്ദ്രശേഖര അസോസിയേറ്റ്സ്,<br>പുതിയ കോടതി സമുച്ചയത്തിന് എതിർവശം,<br>നെയ്യാറ്റിൻകര, തിരുവനന്തപുരം–695 121. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഡെപ്യൂട്ടി രജിസ്ട്രാർ,<br>കേരള കലാമണ്ഡലം, വള്ളത്തോൾ നഗർ,<br>ചെറുത്തുരുത്തി, തൃശ്ശൂർ – 679 531. | എതിർകക്ഷി |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 2.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.12.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 27.10.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 28.10.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.11.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 17.12.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 25.1.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അഡ്വക്കേറ്റ് ഷാജി കുമാർ എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി നാളിതുവരെ മറുപടി നൽകിയിട്ടില്ലെന്നും, ആയതിനാൽ സൗജന്യമായി മറുപടി ലഭ്യമാക്കി എതിർകക്ഷിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

1) കേരള കലാമണ്ഡലം രജിസ്ട്രാറായി 2018 ജൂലൈ 31–ന് വിരമിച്ച ഡോ: കെ.കെ.സുന്ദരേശന്റെ പെൻഷൻ സേവന പുസ്തകം സർക്കാരിലേക്കയച്ച തീയതി കാണിക്കുന്ന രേഖയുടെ കോപ്പി നൽകണമെന്നും

2) ടിയാന്റെ പെൻഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് (സ.ഉ (സാധാ) നം.182/2021/സാം.കാ.വ തീയതി, 10.4.2021) കലാമണ്ഡലത്തിൽ തപാലിൽ ചേർത്ത തീയതി കാണിക്കുന്ന രേഖയുടെ കോപ്പി നൽകണമെന്നും

3) ടി ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരം കേരള കലാമണ്ഡലം രജിസ്ട്രാർ, അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം, പേർക്ക് സാക്ഷ്യപത്രം അയച്ച തീയതി കാണിക്കുന്ന രേഖയുടെ കോപ്പി അയച്ചില്ലെങ്കിൽ എന്തുകൊണ്ടെന്ന് കാണിക്കുന്ന രേഖയുടെ പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 14.12.021–ന് എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു.

4. കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ നിന്ന് 31.7.2018 ന് രജിസ്ട്രാർ രസ്തികയിൽ നിന്ന് വിരമിച്ച ഡോ.കെ.കെ.സുന്ദരേശൻ എന്നയാളുടെ പെൻഷൻ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായുള്ള വിവരാവകാശ അപേക്ഷ 6.9.2021 ന് എതിർകക്ഷി ഓഫീസിൽ ലഭിച്ചിരുന്നുവെന്നും എന്നാൽ ടിയാൻ അവസാനം വാങ്ങിയ ശമ്പളം, ബാധ്യത സർട്ടിഫിക്കറ്റ് മുതലായ രേഖകൾ പാറശ്ശാല സബ് ട്രഷറിയിലേക്ക് അയക്കുന്ന നടപടി 13.12.2021 ന് മാത്രമാണ് പൂർത്തിയായത് എന്നും അക്കാരണത്താൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 14.12.2021 ന് മാത്രമേ നൽകാൻ സാധിച്ചുള്ളൂ എന്നും ഹർജിക്കാരന് മറുപടി നൽകുന്നതിൽ ബോധപൂർവ്വമായ കാലതാമസം വരുത്തൽ ഉണ്ടായിട്ടില്ലെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 6.9.2021–ന് എതിർകക്ഷി ഓഫീസിൽ ലഭിച്ച 2.9.2021–ലെ വിവരാവകാശ അപേക്ഷയ്ക്ക് 14.12.2021–ന് മാത്രമാണ് എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. ആയതിന് എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണം ഡോ: കെ.കെ. സുന്ദരേശന്റെ പെൻഷനുമായി ബന്ധപ്പെട്ട രേഖകൾ പാറശ്ശാല സബ് ട്രഷറിയിലേക്ക് അയക്കുന്ന നടപടി 13.12.2021–ന് മാത്രമാണ് പൂർത്തിയായതെന്നും ആയതിന് ശേഷം തൊട്ടടുത്ത ദിവസം 14.12.2021–ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ലഭ്യമാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ടിയാന് ആക്ഷേപം നിലനിൽക്കുന്നില്ലെന്നാണ്. ആയതിൽ നിന്ന് ഹർജിക്കാരന് പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കുക എന്ന സദുദ്ദേ

ശത്തോടെയാണ് എതിർകക്ഷി ഡോ.കെ.കെ സുന്ദരേശന്റെ പെൻഷനുമായി ബന്ധപ്പെട്ട രേഖകൾ ട്രഷറിയിലേക്ക് അയച്ചതിന് ശേഷം മറുപടി നൽകിയിട്ടുള്ളത് എന്നത് കണക്കിലെടുത്ത് ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഈ പരാതി ഹർജി ഇന്നേ ദിവസം 2022 ജനുവരി 25-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk